**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:470 20/10/2011-ൽ മറുപടിയ്ക്ക്

<u>തീരദേശ മേഖലയിലെ സമഗ്ര വികസനം</u>

| ചോദ്യം | മറുപടി |
|---|---|
| ഡോ കെ.ടി. ജലീൽ<br>ശ്രീ. എളമരം കരീം<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ)<br>തീരദേശ മേഖലയുടെ സമഗ്ര വികസന പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ; കേന്ദ്രസഹായ പദ്ധതികൾ എന്തൊക്കെയാണ്; | (എ)<br>കേരളത്തിന്റെ തീരദേശ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന ഒരു ബൃഹത്തായ വികസന പദ്ധതിയാണ് സമഗ്ര തീരദേശ വികസന പരിപാടി. സാനിറ്റേഷൻ, കുടിവെള്ളം, വൈദ്യുതീകരണം, റോഡുകൾ, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, മത്സ്യമേഖലാ അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളിലെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിലായി 25.0374 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ആലപ്പുഴ, എറണാകുളം ജില്ലകളിലെ തീരപ്രദേശങ്ങളിൽ 9.8 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 6.81 കോടി രൂപ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുണ്ട്. ജി.പി.എസ്സ്, വി.എച്ച്.എഫ് വെസ്സൽ ട്രാക്കിംഗ്, ഫ്രഷ് ഫിഷ് ടു ആൾ, കടലിൽ സുരക്ഷ, കട്ടമരം മോട്ടോറൈസ് ചെയ്യുന്ന പദ്ധതി എന്നിവയാണ് തീരദേശ വികസന കോർപ്പറേഷൻ വഴി കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ. |
| (ബി)<br>പ്രസ്തുത പരിപാടി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ; എന്തുതുക വകയിരുത്തിയിട്ടുണ്ട്; ഇതിനകം ചെലവായ തുക എത്ര; | (ബി)<br>2007-2008 സാമ്പത്തികവർഷത്തിൽ സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയ്ക്കായി വകയിരുത്തിയ 620.94273 ലക്ഷം രൂപയുടെ പദ്ധതികളിൽ |

മിക്കവയും പൂർത്തീകരിച്ചു കഴിഞ്ഞു. ആകെ 598.15142 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-2009 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതികൾ മിക്കവാറും പൂർത്തീകരണഘട്ടത്തിലാണ്. ആകെ 384.11039 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തി മിക്ക പദ്ധതികളുടെയും നിർവ്വഹണം പുരോഗമിച്ചുവരുന്നു. ആകെ 156.81576 ലക്ഷം രൂപ ചെലവഴിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ എറണാകുളം ആലപ്പുഴ ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ 8.8 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അവയിൽ എറണാകുളം ജില്ലയിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 507.029 ലക്ഷം രൂപയുടെയും ആലപ്പുഴ ജില്ലയിൽ വിവിധ പദ്ധതികൾക്കായി 375.781 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ളം, വിദ്യാഭ്യാസം ആരോഗ്യം. അംഗൻവാടികൾ. മത്സ്യമേഖല അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളിൽ ഉൾപ്പെടുന്ന വിവിധ ഉപ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് മലപ്പുറം, എന്നീ ജില്ലകളിലായി 6.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി തയ്യാറാക്കപ്പെട്ട മാർഗ്ഗ രേഖ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിരേഖ രൂപീകരിച്ചുവരുന്നു. കാസർഗോഡ്, കണ്ണൂർ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നിവടങ്ങളിലായി നടപ്പിലാക്കി വരുന്ന സമഗ്ര തീരദേശ വികസന പദ്ധതികളുടെ പുരോഗതി വകയിരുത്തിയിരിക്കുന്ന തുക ചെലവായ തുക അനുബന്ധമായി ചേർക്കുന്നു

| | |
|---|---|
| സി) | (സി) |
| തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തന സംവിധാന | തിരുവനന്തപുരം ആസ്ഥാനമാക്കിയാണ് കോർപ്പറേഷൻ ഓഫീസ് ഇപ്പോൾ |

| | |
|---|---|
| ങ്ങൾ എന്തൊക്കെയാണ്; ബോർഡ് യോഗം ഏറ്റവും ഒടുവിൽ ചേർന്നത് എന്നാണ്; കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പുതുതായി തയ്യാറാക്കപ്പെട്ട പദ്ധതികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ? | പ്രവർത്തിച്ചുവരുന്നത്. ഓഫീസിന്റെ മേധാവി മാനേജിംഗ് ഡയറക്ടർ ആണ്. ഇപ്പോൾ കോർപ്പറേഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത് സെക്രട്ടേറിയറ്റിനു സമീപം അധ്യാപകഭവൻ റോഡിലുള്ള റ്റി.സി. 26/5381 എന്ന കെട്ടിടത്തിൽ ആണ്. മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് മാനേജർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകൾ ആണ് കോർപ്പറേഷനിലെ പ്രധാന തസ്തികകൾ. ഫിഷറീസ് വകുപ്പിൽ നിന്നും അദർ ഡ്യൂട്ടിയിൽ 2 പേരും കരാറടിസ്ഥാനത്തിൽ 13 പേരും കോർപ്പറേഷനിൽ ജോലി ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ മേഖലാ ഓഫീസ് എറണാകുളത്ത് സ്ഥിതി ചെയ്യുന്നു. കോർപ്പറേഷന്റെ ചില പദ്ധതി പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ, കോർപ്പറേഷനുകൾ, ഏജൻസികൾ മുതലായവയുമായി യോജിച്ച് നടത്തി വരുന്നുണ്ട്. കോർപ്പറേഷന്റെ ബോർഡ് യോഗം ഒടുവിൽ കൂടിയത് 13.10.2011-ലാണ്. ആഴക്കടൽ മത്സ്യബന്ധനം, ആർട്ടിഫിഷ്യൽ റീഫ്, കോമൺ ഫെസലിറ്റി സെന്റർ ഫോർ ക്വാളിറ്റി കൺട്രോൾ ഓഫ് ഫിഷ് പ്രോഡക്ട്സ്, വുമൺ ഷെൽട്ടർ ഇൻ ഫിഷിംഗ് ഹാർബർ, സമഗ്ര തീരദേശ വികസന പദ്ധതി (മലപ്പുറം, കോഴിക്കോട്) റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി എന്നിവയാണ് ഈ സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് തയ്യാറാക്കപ്പെട്ട പദ്ധതികൾ. ആധുനിക മത്സ്യമാർക്കറ്റുകൾ മോഡേൺ ഫിഷ് ഡ്രസിംഗ് സെന്റർ, ഡ്രൈ ഫിഷ് കോംപ്ലക്സ്, ഫിഷ് കിയോസ്ക്സ് കെ.എസ്.ഐ.എ.ഡി.സി. എത്തിനിക് ഹെറിറ്റേജ് കിച്ചൺ എന്നീ പുതിയ പദ്ധതികളും കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു |

സെക്ഷൻ ഓഫീസർ.

അനുബന്ധം

# സമഗ്ര തീരദേശ വികസന പദ്ധതി

[illegible]

| ക്രമ നം. | ജില്ലാ | വർഷം | ഉപ പ്രോജക്ടുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കാസർഗോഡ് | 2007-2008 | 27 | 620.94273 | 598.15141 | 23 പദ്ധതികൾ പൂർത്തീകരിച്ചു, 4 എണ്ണം പുരോഗമിക്കുന്നു |
| 2 | കണ്ണൂർ | 2008-2009 | 27 | 500 | 384.11039 | 16 പദ്ധതികൾ പൂർത്തീകരിച്ചു, 7 എണ്ണം പുരോഗമിക്കുന്നു |
| 3 | തൃശ്ശൂർ | 2009-2010 | 44 | 500 | 156.81576 | 13 പദ്ധതികൾ പൂർത്തീകരിച്ചു, 12 എണ്ണം പുരോഗമിക്കുന്നു |
| 4 | എറണാകുളം | 2010-2011 | 61 | 507.02 | 107.13394 | 9 പദ്ധതികൾ പൂർത്തീകരിച്ചു, 20 എണ്ണം പുരോഗമിക്കുന്നു |
| 5 | ആലപ്പുഴ | 2010-2011 | 32 | 375.78 | 65.08848 | 1 പദ്ധതി പൂർത്തീകരിച്ചു വരുന്നു. 4 എണ്ണം പുരോഗമിക്കുന്നു |
| ആകെ | | | | **2503.74273** | **1311.29999** | |

# സമഗ്ര കുടിവെള്ള പദ്ധതി

| ക്രമനം. | പദ്ധതി യുടെ പേര് | യൂണിറ്റുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | എറണാകുളം | 1 | 500 | - | കരാർ ഒപ്പുവെച്ചിട്ടില്ല |
| 2 | ആലപ്പുഴ | 4 | 480 | - | |
| | | ആകെ | **980** | | |